ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദാംശങ്ങൾ, റഗുലേറ്ററിന്റെ രൂപകല്പന തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി., ചീഫ് എഞ്ചിനീയർ തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഐ.ഡി.ആർ.ബി., തിരുവനന്തപുരത്തിൽനിന്നും പദ്ധതിയുടെ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്.

കൊട്ടർക്കോണം കളത്തിലേയ്ക്ക് മാലിന്യം തുറന്നുവിട്ടവർക്കെതിരെ നടപടി

194 (886) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കൊട്ടർക്കോണം കളത്തിലേക്ക് ചില സ്വകാര്യ വ്യക്തികൾ കക്കൂസ് മാലിന്യം തുറന്ന് വിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വ്യക്തികളുടെ പേര്, മേൽവിലാസം എന്നിവ ലഭ്യമാക്കുമോ ;

(ബി) ആയതു നിർത്തലാക്കുന്നതിനുവേണ്ടിയും പ്രസ്തുത ക്രിമിനൽ കുറ്റംചെയ്യുന്ന വ്യക്തകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തികളുടെ പേരും മേൽവിലാസവും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ എട്ട് വ്യക്തികൾക്കും മാലിന്യ നിക്ഷേപ പൈപ്പുകൾ നീക്കം ചെയ്യാനായി അസിസ്റ്റന്റ് എഞ്ചിനീയർ തിരുവനന്തപുരം എം.ഐ.റ്റി. 20/2010 തീയതി 27-3-2014-ൽ കത്ത് നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ. ദിനേഷ്, ശ്രീ. രാജപ്പൻ, ശ്രീമതി സുധ എന്നീ മൂന്നുപേർ കത്ത് കൈപ്പറ്റാതെ ആയത് തിരികെ വരികയും ചെയ്തു. ജലസേചന വകുപ്പ് ഇവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ആക്ട് പ്രകാരം കളത്തിന്റെ ഉടമ തിരുവനന്തപുരം കോർപ്പറേഷൻ ആയതിനാൽ പൊതുസ്ഥലത്ത് മാലിന്യം വിടുന്നത് സംബന്ധിച്ച് എല്ലാ നിയമനടപടിയും ചെയ്യേണ്ടത് തദ്ദേശഭരണ വകുപ്പാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly